C. S. (Main) Exam : 2011

D-DTN-L-NMB

MALAYALAM

Paper II

(Literature)

Time Allowed : Three Hours | *Maximum Marks : 300*

INSTRUCTIONS

Candidates should attempt questions 1 and 5 which are compulsory, and any THREE of the remaining questions selecting at least ONE question from each Section.

The number of marks carried by each question is indicated at the end of the question.

Answers must be written in Malayalam.

SECTION A

1. സന്ദർഭം സൂചിപ്പിച്ച് ആശയം വിശദമാക്കി സാരസ്യം വ്യക്തമാക്കുക. ഓരോ ഉത്തരവും ഇരുന്നൂറ് വാക്കിൽ കവിയരുതു് : *20×3=60*

(a) വിശ്വസംസ്കാര പാലകരാകും
വിജ്ഞരേ, യുഗം വെല്ലുവിളിപ്പൂ;
ആകുമോ ഭവാന്മാർക്കു നികത്താൻ
ലോകസാമൂഹ്യ ദുർന്നിയമങ്ങൾ
സ്നേഹസുന്ദരപാതയിലൂടെ ?
വേഗമാവട്ടെ, വേഗമാവട്ടെ.

Optional Province · optionalprovince.com

(b) നീർത്താനിന്ദൂപലമിവ, തെളിഞ്ഞാമ്പൽ
പോലേ ചിരിച്ചാൻ,
ആർത്താൻ വണ്ടിൻകുലമിവ,
വളർന്നാൻ പയോരാശിപോലെ,
പീത്വാ രൂപാ മൃതമിളകിനാനേഷ
ചെമ്പോത്തു പോലെ,
കൂഴ്ത്താൻ കാമീമദനനിവ,
പോന്നാഗതേ വീരചന്ദ്രേ.

(c) ചരിതാർത്ഥതയാർന്ന ദേഹിയിൽ
തിരിയെശ്ശോഭനമല്ല ജീവിതം
പിരിയേണമരങ്ങിൽനിന്നുടൻ
ശരിയായിക്കളിതീർന്ന നട്ടുവൻ.

(താഴെക്കൊടുത്തിരിക്കുന്ന ചോദ്യങ്ങൾ അടിസ്ഥാനമാക്കി ഉപന്യാസം രചിക്കുക. ഓരോ ചോദ്യവും മൂന്ന് ഉപചോദ്യങ്ങൾ ചേർന്നതാണ്. എല്ലാ ഉപചോദ്യങ്ങൾക്കും പ്രത്യേകം പ്രത്യേകം ഉത്തരങ്ങൾ എഴുതണം. ഉപചോദ്യം ഓരോന്നിനും 20 മാർക്കു വീതം.)

2. തുഞ്ചത്തെഴുത്തച്ഛന്റെ മഹാഭാരതം കിളിപ്പാട്ടിനു് മലയാളത്തിലെ പുരാണകഥാഖ്യാനങ്ങളായ 'രാമചരിതം', 'കണ്ണശ്ശരാമായണം' എന്നിവയെ ബഹുദൂരം പിന്നിലാക്കുവാൻ കഴിഞ്ഞതു് എങ്ങനെയെന്നു് താഴെപ്പറയുന്ന ചോദ്യങ്ങൾക്കു് പാഠ്യഭാഗങ്ങൾ ആസ്പദിച്ചു് ഉത്തരമെഴുതി സമർത്ഥിക്കുക. *20×3=60*

Optional Province · optionalprovince.com

(a) ഭാരതം കിളിപ്പാട്ടിന്റെ സംക്ഷേപണ വിഷയകമായ സവിശേഷതയെന്തു് ?

(b) സാഹിത്യഭംഗിമാത്രമല്ല ഭക്തിഭാവ ചിത്രണവും ജീവിതചിന്തയും ഭാരതം കിളിപ്പാട്ടിന്റെ പ്രധാന്യത്തിനു നിദാനമല്ലേ ?

(c) പ്രതിപാദ്യവിഷയത്തിനു് അനുയോജ്ജ്യമായതും നിലവാരമുള്ളതുമായ കാവ്യഭാഷ പ്രസ്തുത കൃതിയുടെ സാഹിത്യമൂല്യത്തിനു് പരിപോഷകമായിരുന്നില്ലേ ?

3. ഭർതൃപരിത്യക്തമായ സീതാദേവി വാല്മീകിയുടെ ആശ്രമത്തിൽ ഒരു ഏകാന്തസ്ഥലത്തിരുന്നു് ചെയ്യുന്ന ചിന്തകളാണു് 'ചിന്താവിഷ്ടമായ സീത' എന്ന കൃതിയുടെ പ്രധാനവിഷയം എന്നുള്ള ഗ്രന്ഥകർത്താവിന്റെ അഭിപ്രായത്തോടു് നിങ്ങൾ യോജിക്കുന്നുവോ ? താഴെക്കൊടുക്കുന്ന ചോദ്യങ്ങൾക്ക് ഉത്തരം എഴുതി വിശദമാക്കുക. *20×3=60*

(a) നമുക്കു സുപരിചിതമായ സീതയാണോ ഖണ്ഡകാവ്യത്തിലെ സീത ?

(b) വാല്മീകിയുടെ സീതയുടെ മഹത്വത്തിനും ദിവ്യതയ്ക്കും മങ്ങൽ ഏല്പിക്കാത്തതാണു് ആശാന്റെ സീതയുടെ വിചാരഗതികൾ എന്നവകാശപ്പെടാമോ ?

Optional Province · optionalprovince.com

(c) വാല്മികി നിലം ഉഴുതുമറിച്ചു വിത്തിറക്കിയതിന്റെ വിളവു് ആശാൻ കൊയ്തെടുത്തതാണു് 'ചിന്താവിഷ്ടയായ സീത' എന്ന വാദം അതിർകടന്നതല്ലേ ?

4. കേരളത്തിലെ സാമൂഹിക - സാമ്പത്തിക മണ്ഡലങ്ങളിൽ കഴിഞ്ഞ അരനൂറ്റാണ്ടിനു മുൻപ് തുടങ്ങിവച്ച പരിവർത്തനങ്ങളുടെ ചിത്രമാണോ പണ്ടത്തെ മേശാന്തി എന്ന കവിത കാഴ്ച വയ്ക്കുന്നതു് ? താഴെ ച്ചേർക്കുന്ന ചോദ്യങ്ങൾക്കുള്ള ഉത്തരങ്ങളിലൂടെ പരിശോധിക്കുക. *20×3=60*

(a) ഇക്കവിതയുടെ സാമൂഹികവും സാമ്പത്തികവുമായ പശ്ചാത്തലം എന്താണു് ?

(b) സാമൂഹിക - സാമ്പത്തിക രംഗങ്ങളിലുണ്ടായ പുരോഗതിക്കു് അടിസ്ഥാനമായ വസ്തുതകളേവ ?

(c) ജാതിക്കോയ്മയ്ക്കും ജന്മിത്വത്തിനും ഉണ്ടായിരുന്ന ഭൂതകാലപ്രൗഢി കവി എങ്ങനെ വരച്ചു കാണിക്കുന്നു ?

Optional Province · optionalprovince.com

SECTION B

5. എല്ലാ ചോദ്യങ്ങൾക്കും ഉത്തരമെഴുതുക. ഓരോന്നും ഇരുന്നൂറ് വാക്കിൽ കവിയരുതു് : *20×3=60*

(a) 'ഇന്ദുലേഖയിലെ സാംസ്കാരികതലം (കുടുംബ പ്രശ്നങ്ങളും ആചാരമര്യാദകളും) വിശദമാക്കുക.

(b) മാരാരുടെ സാഹിത്യവിദ്യയോ സൗന്ദര്യബോധമോ അല്ല യുക്തിചിന്തയും ധർമ്മാ ധർമ്മ വിവേകവുമാണു് 'ഭാരതപര്യടന' ത്തിൻ പ്രകടമാകുന്നതു്. അംബ എന്ന പ്രബന്ധം അടിസ്ഥാനപ്പെടുത്തിനിരൂപിക്കുക.

(c) 'ആ അയ്യപ്പൻ കാവിലെ അന്തരീക്ഷത്തിൽ ആ തിയ്യാടിപ്പെൺകുട്ടി കൊളുത്തിത്തന്ന കെടാ വിളക്കാണു് പില്ക്കാല ജീവിതത്തിൽ എനിക്കു മാർഗ്ഗനിർദ്ദേശം നല്കിയ മഹാജ്യോതിസ്സ് !' — ഈ വാക്യതിന്റെ പൊരുൾ എന്തെന്നു വിശദമാക്കുക.

Optional Province · optionalprovince.com

(താഴേ കൊടുത്തിരിക്കുന്ന ചോദ്യങ്ങൾ അടിസ്ഥാനമാക്കി ഉപന്യാസം രചിക്കുക. ഓരോ ചോദ്യവും മൂന്ന് ഉപചോദ്യങ്ങൾ ചേർന്നതാണു്. എല്ലാ ഉപചോദ്യങ്ങൾക്കും പ്രത്യേകം പ്രത്യേകം ഉത്തരങ്ങൾ എഴുതണം. ഉപചോദ്യങ്ങൾ ഓരോന്നിനും 20 മാർക്ക് വീതം.)

6. 'ചെമ്മീൻ' എന്ന നോവലിന്റെ അനിതരസാധാരണമായ കലാമൂല്യത്തിനു് നിദാനമായ വസ്തുതകൾ താഴെച്ചേർത്തിരിക്കുന്ന ചോദ്യങ്ങൾക്കുള്ള ഉത്തരങ്ങളിലൂടെ വിശദമാക്കുക. *20×3=60*

(a) 'ചെമ്മീനി'ലേതു് ഉജ്വലമായ ഒരു പ്രണയകഥയാണോ ?

(b) റീയലിസത്തെക്കാൾ കാല്പനികതയ്ക്കാണു് 'ചെമ്മീനിൽ സ്ഥാനമെന്നു കരുതാമോ ?

(c) അരയ സമുദായവും അവരുടെ വിശ്വാസ പ്രമാണങ്ങളും ഈനോവലിൽ അന്തർദ്ധാരയായി വർത്തിക്കുന്നില്ലേ ?

7. '1128-ൽ ക്രൈം 27' അടിസ്ഥാനപ്പെടുത്തി താഴെക്കൊടുക്കുന്ന ചോദ്യങ്ങൾക്കു് ഉത്തരം എഴുതുക. *20×3=60*

(a) . നാടകനിഷേധപരമായ നാടകമാണിതു് എന്ന പ്രസ്താവം എത്രമാത്രം സാധുവാണു്.

Optional Province · optionalprovince.com

(b) വധശിക്ഷയ്ക്കാസ്പദമായ നിയമസംഹിത അപര്യാപ്തമെന്നു് നാടകകൃത്തു് കരുതുന്നുണ്ടോ ?

(c) നാടകത്തിന്റെ സവിശേഷമായ രൂപ ഘടനയ്ക്കും രുപ ഭദ്രതയ്ക്കും കോട്ടം തട്ടാത്തവിധം ക്രൈം നാടകം അംഗാംഗി പ്പൊരുത്തത്തോടെ നിലകൊള്ളുന്ന തെങ്ങനെ ?

8. 'ചങ്ങമ്പുഴ കൃഷ്ണപിള്ള നക്ഷത്രങ്ങളുടെ സ്നേഹഭാജനം' എന്ന കൃതി ആസ്പദമാക്കി താഴെച്ചേർക്കുന്ന ചോദ്യങ്ങൾക്കു് ഉത്തരമെഴുതുക : *20×3=60*

(a) ജീവചരിത്രമെന്ന നിലയിൽ ഈ കൃതിയെ നിങ്ങൾ എങ്ങനെ വിലയിരുത്തുന്നു ?

(b) ഈ കൃതിയിലെ കല്പിതാംശങ്ങൾ എന്നു കരുതാവുന്ന ഭാഗങ്ങൾക്കു് ചങ്ങമ്പുഴ എന്ന വ്യക്തിയുമായി എന്തു ബന്ധമാണുള്ളതു് ?

(c) ഗ്രന്ഥകാരന്റെ കവിപൂജ പ്രസ്തുത ജീവചരിത്രത്തിനു് നേട്ടമാണോ കോട്ടമാണോ വരുത്തിയതു് ?

Optional Province · optionalprovince.com